**കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് എറണാകുളം**

ജി 9/7990/2018 തിയതി 22.05.2018

**സർക്കുലർ നമ്പർ 11/2018-19**

വിഷയം- കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ്- വർക്ക്മെൻ കോമ്പൻസേഷൻ ആക്ട് 1923- തൊഴിൽ ചെയ്യുന്ന സമയത്ത് സംഭവിക്കുന്ന അപകടം – നടപടി ക്രമങ്ങളും ഫോമുകളും- സംബന്ധിച്ച് വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന- 1) ഇ.സി.സി. നിയമം 1923.

2) KHW (RE&W) Scheme 1983, Para 29A

3) KHW Act 1978 Section 24

4) സർക്കാർ കത്ത് 20583/ബി 3/13/തൊഴിൽ തീയതി 31.12.2014.

5) ബോർഡ് സർക്കുലർ നമ്പർ . ജി 1/269/15 തീയതി 13.03.2015.

ECC Act 1923, Chapter II clause 4(a) പ്രകാരം അപകടം സംഭവിച്ച് പരിക്കിൽ നിന്നും മരണപ്പെടുന്ന തൊഴിലാളിയുടെ കുടുംബത്തിന് നഷ്ടപരിഹാരം കണക്കാക്കുന്നത് ടിയാന്റെ മാസവേതനത്തിന്റെ 50% ത്തെ relevant factor കൊണ്ട് ഗുണിച്ചാൽ കിട്ടുന്ന തുകയോ, 1,20,000/- രൂപയോ ഏതാണോ കൂടുതൽ ആയതാണ് നൽകേണ്ടത്.

കൂടാതെ, 4(b) പ്രകാരം ഗുരുതരമായ പരിക്കിൽ നിന്നും സ്ഥിരമായ വൈകല്യം സംഭവിക്കുന്ന തൊഴിലാളിക്ക് മാസവരുമാനത്തിന്റെ 60% ത്തെ relevant factor കൊണ്ട് ഗുണിച്ചാൽ കിട്ടുന്ന തുകയോ, 1,40,000/- രൂപയോ ഏതാണോ കൂടുതൽ ആയതാണ് നൽകേണ്ടത്.

ECC Act 1923 Chapter II Clouse 4 sub Clouse 2 A പ്രകാരം അപകടത്തിൽ പരുക്കേറ്റ തൊഴിലാളിക്ക് യഥാർത്ഥ ചികിത്സ ചെലവ് നൽകേണ്ടതാണ്.

ടി സാഹചര്യത്തിൽ ഇനി മേലിൽ വരുന്ന കേസുകൾക്ക് മേൽ പറഞ്ഞ രീതിയിൽ തീർപ്പുകൽപ്പിക്കേണ്ടതാണ്.

കൂടാതെ, മരണപ്പെട്ട തൊഴിലാളിയുടെ കേസ് തീർപ്പാക്കി ട്രൈബ്യൂണിലേയ്ക്ക് അയക്കുന്ന രേഖകളിൽ താഴെ പറയുന്ന രേഖകൾ ഉണ്ടാകേണ്ടതാണ്.

**Copies**

1) Order Copy

2) DD

3) Covering Letter with the signature of Chief Executive

4) Adhar card/Election ID card

5) Ration card

6) Heirship certificate

7) Form No. A & EE with Chief Executive's signature.

മേൽ പറഞ്ഞ രേഖകൾ ഉൾപ്പടെയുള്ള ഉത്തരവ് അതാത് ഇ.സി.സി. ട്രൈബ്യൂണൽ വരുന്ന ജില്ലാ കമ്മിറ്റികളിലേയ്ക്ക് അയച്ച് കൊടുക്കേണ്ടതാണ്.ടി രേഖകൾ ബന്ധപ്പെട്ട ജില്ലാ കമ്മിറ്റി ചെയർമാൻ ട്രൈബ്യൂണലിനെ ഏല്പിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

(ഒപ്പ്)

ചീഫ് എക്സിക്യൂട്ടീവ് (ഇൻ ചാർജ്ജ്)

//ഉത്തരവിൻ പ്രകാരം//

ജൂനിയർ സൂപ്രണ്ട്